"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.സി.എ.പാർവതി കൈലാസ്-ന് കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.826/2026/LBR  തീയതി,തിരുവനന്തപുരം, 29-07-2026

---

പരാമർശം:- 1) അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.സി.എ. പാർവതി കൈലാസ് 18.04.2026 ൽ സമർപ്പിച്ച അവധി അപേക്ഷ.

2) ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 11.06.2026 ലെ ഇ1-2098/2026/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ 17.04.2026 ൽ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ആയി സർവ്വീസിൽ പ്രവേശിച്ച ഡോ.സി.എ.പാർവതി കൈലാസ് (പെൻ 1030390), തൃശൂർ അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ പഠിച്ചുകൊണ്ടിരിക്കുന്ന എം.ഡി റേഡിയോ ഡയഗ്നോസിസ് കോഴ്സ് പൂർത്തിയാക്കുന്നതിന് 19.04.2026 മുതൽ 26.12.2027 വരെ പഠനാവശ്യത്തിന് ശൂന്യവേതനാവധി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ പരാമർശം (2) പ്രകാരം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.പാർവതി കൈലാസ് സി.എ.-യ്ക്ക് 19.04.2026 മുതൽ 26.12.2027 വരെ കെ.എസ്.ആർ. ഭാഗം I, അനുബന്ധം XII-B യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം

ഡോ.സി.എ. പാർവതി കൈലാസ് , അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ് (**07.07.2026** ലെ **3547436/LBR-1/157/26-FIN** പ്രകാരം)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Digitally signed by
Salini S
Date: 30-07-2026
11:28:27

സെക്ഷൻ ഓഫീസർ